**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 483**

**19.11.2019 - ൽ മറുപടിക്ക്.**

# വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. പി. ടി. തോമസ് | **ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ് മന്ത്രി).** |
| (എ) വ്യവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) : ഉണ്ട്.<br>വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ സംരംഭകർക്ക് സംരംഭം ആരംഭിക്കുന്നതിനായി വിവിധ ജില്ലകളിലുള്ള 2424 ഏക്കർ വ്യവസായ ഭൂമിയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ 39 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ ഭൂമി അനുവദിക്കുന്നുണ്ട്. പ്രസ്തുത ഏരിയ/പ്ലോട്ടുകളിൽ ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് "<u>നിലവിലുള്ള ഡവലപ്മെന്റ് എരിയ ഡവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും</u>" എന്ന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളിലെ സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ടുള്ള ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം |

പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ വികസന മേഖലയിലും കോട്ടയം ജില്ലയിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിലും MSE-CDP(Micro & Small Enterprises-Cluster Development Programme) എന്ന പദ്ധതിയുടെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ എന്ന പദ്ധതി ആരംഭിക്കുകയും അതിനുവേണ്ടി 2018-19 ബഡ്ജറ്റിൽ 140 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വിവിധോദ്ദേശ്യ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് 978.93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കി വ്യവസായ സംരംഭകർക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ എഞ്ചിനിയറിങ്/ജനറൽ വ്യവസായങ്ങൾക്കായി ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആമ്പല്ലൂരിൽ ഒരു ഇലക്ട്രോണിക്സ് ഹാർഡ്-വെയർ പാർക്ക് തുടങ്ങുന്നതിന്

സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്.
തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ഒരു ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഭക്ഷ്യ സംസ്കരണത്തിനായി ആലപ്പുഴ ജില്ലയിൽ ഒരു മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര 24 വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കി സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലവും കെട്ടിടസമുച്ചയവും ലഭ്യമാക്കിവരുന്നു.
സംസ്ഥനത്ത് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ആക്കം കൂട്ടുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാതൃകയിൽ ഒരു കമ്പനി കോട്ടയം ജില്ലയിൽ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കമ്പനി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ശിപാർശ ചെയ്യുന്നതിന് രൂപീകരിച്ച ടെക്നിക്കൽ ടീം കാഞ്ഞിരപ്പള്ളി താലൂക്കിലെ 2 സൈറ്റുകൾ പരിശോധിക്കുകയും ഇടക്കുന്നം വില്ലേജിൽ M/s. Tropical Plantations Limited-ന്റെ ഉടമസ്ഥതയിലുള്ള 200 ഏക്കർ സ്ഥലം കമ്പനി സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ചെറുകിട വ്യവസായ സംരംഭത്തിന് ആവശ്യമായ അടി

സ്ഥാനസൗകര്യം ലഭ്യമാക്കി വരുന്നുണ്ട്. സിഡ്കോയുടെ അധീനതയിലുള്ള 2 മിനി വ്യവസായ എസ്റ്റേറ്റുകളുടെയും 5 വ്യവസായ എസ്റ്റേറ്റുകളുടെയും നവീകരണത്തിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള പ്രവർത്തന മൂലധനമായി 175 ലക്ഷം രൂപ വർക്കിങ് കാപ്പിറ്റൽ അസിസ്റ്റൻസായി സിഡ്കോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സിഡ്കോയുടെ 8 ഉത്പാദന യൂണിറ്റുകളുടെ നവീകരണത്തിനായി 9.95 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ഉണ്ടായ വീഴ്ച വ്യാവസായിക മേഖലയിലെ വികസനത്തിന് തിരിച്ചടിയാകുന്നതായും സംരംഭകർ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നതായും കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (ബി) : | കണ്ടെത്തിയിട്ടില്ല. |
| (സി) | എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായം ആരംഭിക്കുവാൻ വന്ന ഏതൊക്കെ വൻകിട കമ്പനികളാണ് പ്രസ്തുത സംരംഭം ഉപേക്ഷിച്ചതെന്ന് വെളിപ്പെടുത്തുമോ ? | (സി) : | ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായം ആരംഭിക്കുവാൻ വന്ന വൻകിട കമ്പനികളൊന്നും സംരംഭം ഉപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.